മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

വാല്യം 6 1989 ജനുവരി 28 ലക്കം 3

## എഡിറ്റോറിയൽ

# ജന്മദിനാശംസകൾ

കൊല്ലം ഭദ്രാസനം ജന്മദിന ആഘോഷങ്ങളുടെ സന്തോഷതിമിർപ്പിലൂടെ കടന്നുപോകുന്നു. ഭദ്രാസനമെത്രാപ്പോലീത്താ മാത്യൂസ് മാർ കൂറിലോസ് തിരുമനസിലെ 75-ാം ജൻമദിനവും, സഹായ മെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമനസിലെ 60-ാം ജൻമദിനവും ജനുവരി 30-ന് മാവേലിക്കര പുതിയകാവു സെൻറ് മേരീസ് പള്ളിയിൽ ആഘോഷപൂർവ്വം കൊണ്ടാടുവാൻ ഭദ്രാസനം ഒന്നടങ്കം തീരുമാനിച്ചിരിക്കുന്നു. അഭിവന്ദ്യതിരുമേനിമാരുടെ ജൻമദിനസന്തോഷത്തിൽ ഇത്തരുണം ഞങ്ങളും പങ്കുചേരുന്നു.

മലങ്കര ഓർത്തഡോക്സ് സഭാമക്കളുടെ മനസിൽ, വെട്ടിത്തിളങ്ങുന്ന പുഞ്ചിരിയുടെ മായാത്ത ചിത്രവുമായി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ വിരചിക്കുന്ന ആത്മീയചൈതന്യം ആ വ്യക്തിപ്രഭാവത്തിൻെറ മുഴുവൻ ശക്തിയായി നിറഞ്ഞുനില്ക്കുന്നു. ഗാംഭീര്യമാർന്ന ലാളിത്യം ആ തേജോധാരിയുടെ മാത്രം പ്രത്യേകതയായി ഞങ്ങൾ എടുത്തുപറയുമ്പോൾ അദ്ദേഹത്തെ അടുത്തു പരിചയമുള്ള ആരുംതന്നെ അതു് അതിശയോക്തിയായി കരുതുകയില്ല. ആകാരഗാംഭീര്യവും പെരുമാററലാളിത്യവും ആത്മീയനേതൃത്വനിരയിൽ അദ്ദേഹത്തിനു് സ്ഥിരമായ പ്രതിഷ്ഠ നേടിയെടുക്കുവാൻ പര്യാപ്തമായി. താൻ ഏറെറടുക്കുന്ന ഉത്തരവാദിത്തങ്ങൾ പരിപൂർണ്ണ വിശ്വസ്തതയോടെ നിർവ്വഹിക്കുവാൻ കഷ്ടപ്പെടുന്നതിൽ അദ്ദേഹം സന്തോഷം കണ്ടെത്തുന്നു. സ്വന്തം ഭദ്രാസനത്തിലെ നൂറുകണക്കിനു വരുന്ന ദരിദ്രദേവാലയങ്ങളിൽ അവരുടെ പരിമിതമായ സൗകര്യങ്ങളുമായി ഇഴുകിച്ചേർന്നു് അജപാലന ശുശ്രൂഷ നിർവ്വഹിക്കുമ്പോൾ, മലങ്കര സഭയുടെ നിയുക്ത കാതോലിക്കാബാവാ തൻെറ അപ്പോസ്തോലിക സ്ഥാന പ്രൗഢികളിൽനിന്നു് സാവധാനം താഴേക്കിറങ്ങി അവരുമായി ഏകീഭവിക്കുന്ന ചിത്രം ആരേയും ആകർഷിക്കും എന്നതിൽ തർക്കമില്ല. ആരാധന, ഭരണരീതി; എന്നിവയിൽ തൻെറ പൂർവ്വപിതാക്കളുടെ കാല്പാടുകളിൽനിന്നു് വ്യതിചലിക്കാതെ മുന്നോട്ടു നീങ്ങുവാനും, അതേസമയം സ്വന്തമായ ശൈലിവളർത്തിയെടുക്കുവാനും തിരുമേനിയുടെ കഴിവു് എടുത്തു-പറയത്തക്കതാണു്.

ഓർത്തഡോക്സ് സഭയുടെ നിയുക്ത കാതോലിക്കാ ആയും, സണ്ടേസ്കൂൾ പ്രസ്ഥാനം പ്രസിഡൻറായും, സഭയുടെ ആത്മീയ മണ്ഡലം മുഴുവൻ നിറഞ്ഞുനില്ക്കുന്ന തിരുമേനി കേരളത്തിൻെറ രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലും ഇതിനോടകം തൻെറ വ്യക്തിമുദ്ര പതിപ്പിച്ചുകഴിഞ്ഞു.

തിരുമേനിയോടൊപ്പം വിനയാന്വിതനായി സേവനം അനുഷ്ഠിക്കുന്ന ഭദ്രാസന സഹായമെത്രാപ്പോലീത്താ മാത്യൂസ് മാർ എപ്പിഫാനിയോസ് തിരുമനസ്സുകൊണ്ടു് കൊല്ലം ഭദ്രാസനത്തിൻെറ വികസനത്തിൽ നിർണ്ണായക പങ്കുവഹിക്കുന്നു. നേതൃത്വരംഗത്തേയ്ക്കു് കടന്നുവന്നിട്ടു് ചുരുങ്ങിയ കാലം മാത്രമേ ആയിട്ടുള്ളെങ്കിലും അദ്ദേഹത്തിൻെറ ശാന്തപ്രകൃതവും പ്രാർത്ഥനാജീവിതവും ഇതിനോടകം അംഗീകരിക്കപ്പെട്ടുകഴിഞ്ഞിട്ടുണ്ടു്. അറിയപ്പെടുന്ന ധ്യാനഗുരുവായ അദ്ദേഹം വിശ്വാസികളിൽ ആത്മീയശക്തിയുടെ ചൈതന്യം പകർന്നുകൊടുക്കുന്നതിൽ സദാ വ്യാപൃതനായിരിക്കുന്നു.

ഈ ജന്മദിന സന്തോഷവേളയിൽ മാർ കൂറിലോസ് തിരുമനസിലേക്കും, മാർ എപ്പിഫാനിയോസ് തിരുമനസിലേക്കും ആയുരാരോഗ്യങ്ങളും, എല്ലാ മംഗളങ്ങളും ഹൃദയത്തിൻെറ ഉള്ളറയിൽനിന്നു് വിനയപുരസ്സരം ഞങ്ങൾ ആശംസിക്കുന്നു.

BEST COMPLIMENTS
FROM

Dr. M. P. PHILIP
P. M. Hospital
MAVELIKARA

കമനീയമായ 22ct.
സ്വർണ്ണാഭരണങ്ങൾക്കു്
വിശ്വസ്ത സ്ഥാപനം

കൗസ്തുഭം
സ്വർണ്ണാഭരണ വില്പനശാല
P. B. No. 27, മിച്ചൽ ജംഗ്ഷൻ
(കിഴക്കുവശം)
മാവേലിക്കര

N. B. ഞങ്ങൾ നൽകുന്ന സ്വർണ്ണാഭരണങ്ങളിൽ ഉത്തരവാദിത്വം ഉറപ്പുനൽകുന്ന കൗസ്തുഭം ട്രേഡ്മാർക്കു് ഉണ്ടായിരിക്കുന്നതാണു്.

# കൊല്ലം ഭദ്രാസനവും മാർ കൂറീലോസും

**ജോൺ കക്കാട്ട്**

> ആ കാത്തിരിപ്പ് ദൈവം കണ്ടു. തന്റെ അനുഗ്രഹത്തിന്റെ അക്ഷയമായ ഭണ്ഡാരം തുറന്ന് അവർക്കായ് മലങ്കരമക്കൾക്കാകമാനമായി ഒരമൂല്യനിധി ദൈവം സമ്മാനിച്ചു. ആ സമ്മാനമാണ് മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ

1953 !

ആ വർഷം കൊല്ലം ഭദ്രാസനത്തിലെ മലങ്കര സഭാമക്കൾക്ക് ആത്മസാക്ഷാത്ക്കാരത്തിന്റെ നിറപ്പകിട്ടേകിയ ദിനങ്ങളാൽ കൊരുക്കപ്പെട്ടതായിരുന്നു.

നീണ്ട 77 വർഷം യുഗപ്രഭാവൻമാരായ മെത്രാപ്പോലീത്താമാരുടെ ഭരണത്തിൻകീഴിൽ വളർച്ചയുടെ പടവുകൾ പിന്നിടുമ്പോഴും സ്വന്തം മണ്ണിൽക്കുരുത്ത്, ദൈവം തിരഞ്ഞെടുത്ത ഒരു മേല്പട്ടക്കാരനായി അവർ കാത്തിരുന്നു.

ആ കാത്തിരുപ്പ് ദൈവം കണ്ടു. തന്റെ അനുഗ്രഹത്തിന്റെ അക്ഷയമായ ഭണ്ഡാരം തുറന്ന് അവർക്കായ്...മലങ്കര മക്കൾക്കാകമാനമായ് ഒരമൂല്യ നിധി ദൈവം സമ്മാനിച്ചു. മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ!

ദൈവംതന്നെ ഏൽപ്പിച്ച കുഞ്ഞാടുകളെ 'നാശ്ശം നരിശ്ശം' നൽകാതെ അവരെ ഒത്തൊരുമിച്ച് മേയ്ക്കുവാൻ ഭാഗ്യം സിദ്ധിച്ച പുലിക്കോട്ടിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ തുടങ്ങി, മലങ്കരയുടെ മഹാപരിശുദ്ധൻ പരുമല മാർ ഗ്രീഗോറിയോസ്. തിരുമേനിയുടെ പാദപാംസുക്കളാൽ പുണ്യം പ്രാപിച്ച്, മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കാ ബാവായുമായിത്തീർന്ന പ: ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ (അന്ന് മാർ ഗ്രീഗോറിയോസ്) ഭരണനൈപുണ്യത്തിൽ വികാസം പ്രാപിച്ചിരുന്ന കൊല്ലം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ മാർ തേവോദോസ്യോസ് തിരുമേനി ആയിരുന്നു.

തന്റെ മുൻഗാമികളെപ്പോലെ ഭരണനൈപുണ്യവും, കർമ്മകുശലതയും, വിശുദ്ധജീവിതവും കൈമുതലായുണ്ടായിരുന്ന മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്താ, തനിക്കു മേയ്ക്കാനായേൽപ്പിക്കപ്പെട്ട അജഗണങ്ങളെ, നല്ല ആട്ടിടയനായി ഇന്നും കാത്തുസൂക്ഷിക്കുന്നു.

കാലത്തിന്റെ കുത്തൊഴുക്കിൽ നവ്യമായ മാററങ്ങൾക്കനുസരിച്ച് തന്റെ ഭദ്രാസനത്തെ നയിക്കുവാൻ ആ ഉത്പതിഷ്ണുവിനു കഴിഞ്ഞു.

36 വർഷങ്ങൾ! എന്തെന്തു മാററങ്ങൾ. ഏതൊക്കെ പ്രസ്ഥാനങ്ങൾ, എന്തൊക്കെ സ്ഥാപനങ്ങൾ, എല്ലാം ആ മഹത്ഭാവന്റെ ഭരണചാതുര്യം ഒന്നുമാത്രം.

വിസ്തൃതിയിൽ മലങ്കര സഭയുടെ അഗ്രിമസ്ഥാനത്തു വർത്തിക്കുന്ന കൊല്ലം ഭദ്രാസനം ഇടവകപ്പള്ളികളുടെ എണ്ണത്തിലും മുൻപന്തിയിലാണ്. തിരുവനന്തപുരം ഭദ്രാസനത്തിന്റെ ആഗമനത്തോടുകൂടി പള്ളികൾ പങ്കുവയ്ക്കപ്പെട്ടെങ്കിലും, ഭദ്രാസനമെത്രാപ്പോലീത്തായെപ്പോലെ പ്രായമാകുന്തോറും വർദ്ധിക്കുന്ന മുഖകാന്തിയോടെ ഇന്നും സഭയുടെ ഒന്നാമത്തെ ഭദ്രാസനമായി വിളങ്ങുന്നു.

ഭാരതത്തിന്റെ അപ്പോസ്തോലനും മലങ്കരസിംഹാസനത്തിന്റെ പ്രണേതാവുമായ വി. മാർത്തോമ്മാ ശ്ലീഹായാൽ സ്ഥാപിതമായ കൊല്ലം കാദീശാപള്ളി എന്നറിയപ്പെടുന്ന വി. ദൈവമാതാവിന്റെ നാമത്തിലുള്ള പള്ളിതുടങ്ങി പ്രസിദ്ധവും ചരിത്രത്തിന്റെ സുവർണ്ണരശ്മികൾ വിളങ്ങുന്നതുമായി നൂററിമുപ്പതു പള്ളികളും പതിനേഴു ചാപ്പലും കൊല്ലം ഭദ്രാസനത്തിന്റെയും, അതിന്റെ മെത്രാപ്പോലീത്തായുടേയും കൽപ്പനകൾക്കായി കാതോർത്തുനില്ക്കുന്നു. അവയിൽ വിശുദ്ധകർമ്മങ്ങളിലൂടെ വിശ്വാസികളെ ജീവന്റെ തുറമുഖത്തെത്തിക്കുവാൻ ദൈവം വേർതിരിച്ച, നാലു കോറെപ്പിസ്ക്കോപ്പൻമാരും, നാലു റമ്പാൻമാരുമുൾപ്പെടെ നൂററിരണ്ടു പട്ടക്കാർ സമാധാനത്തിന്റെ വി. വസ്ത്രങ്ങളുമണിഞ്ഞ് സേവനം അനുഷ്ഠിക്കുന്നു.

## ആത്മീയ സംഘടനകൾ

കൂട്ടായ്മയിലൂടെയും വേദപഠനത്തിലൂടെയും സഭയുടെയും ദൈവികത്വത്തിന്റെയും അത്യുന്നതികളെ കണ്ടറിയുവാനും, മാനുഷീകമായ സ്നേഹസൗഹാർദ്ദങ്ങളെ അരക്കിട്ടുറപ്പിക്കുവാനും കഴിവുററ ആദ്ധ്യാത്മീക സംഘടകൾക്ക് വിളനിലമാണ് കൊല്ലം ഭദ്രാസനം.

പതിന്നാലു ഡിസ്ട്രിക്ടുകളിലായി പടർന്ന് അത്രയും ഇൻസ്പക്ടർമാരും, അദ്ധ്യാപകപ്രതിനിധികളുമുള്ള സൺഡേസ്കൂൾ, ഭദ്രാസനത്തിലെ 13155 വിദ്യാർത്ഥി ഹൃദയങ്ങളിൽ അജ്ഞാനത്തിന്റെ അന്ധകാരത്തെ നീക്കി ദൈവീക വിജ്ഞാനത്തിന്റെ സത്യപ്രകാശം ഉദിപ്പിക്കുന്നു.

സി. സി. ജോർജ് ഡയറക്ടറായി 148 സൺഡേസ്കൂളുകളും അവിടെ കുട്ടികളിലേക്ക് വിജ്ഞാനവെളിച്ചം പകരാനായി 1470 അദ്ധ്യാപകരും കാത്തിരിക്കുന്നു. സൺഡേസ്കൂളിന്റെ അഖില മലങ്കര പ്രസിഡണ്ടാണ് ഭദ്രാസന മെത്രാപ്പോലീത്താ.

മനുഷ്യജീവിതത്തിലെ ഏററവും അപകടമേഖലയായ യുവത്വത്തിന്റെ കാലഘട്ടത്തിൽ അവരെ ദൈവീക പാതയിലേക്ക് തിരിച്ചുവിടുവാനും, യുവത്വത്തിന്റെ രക്തത്തിളപ്പിൽ നഷ്ടമാകാവുന്ന ധാർമ്മികമൂല്യങ്ങൾക്കൊരു കാവൽക്കാരനായും ഒരു സംരക്ഷകനായും ഭദ്രാസനത്തിലെ യുവജനപ്രസ്ഥാനം പ്രവർത്തിക്കുന്നു. ഫാ: ജോൺ ചാക്കോ ഭദ്രാസന സെക്രട്ടറിയായിരിക്കുന്ന യുവജന പ്രസ്ഥാനം പതിനാലു ഗ്രൂപ്പുകളും അവയ്ക്കോരോന്നിനും ഓർഗനൈസിംഗ് സെക്രട്ടറിമാരുമായി പ്രവർത്തനത്തിന്റെ തിരക്കേറിയ പാതയിലൂടെ മുന്നേറുന്നു.

കുടുംബത്തിന്റെ ദീപമായി ശോഭിക്കേണ്ട കുടുംബിനികളുടെ മുമ്പിൽ പ്രതീക്ഷയുടേയും പ്രത്യാശയുടേയും അമരജ്യോതിസ്സായി കത്തിനിൽക്കുന്നു, മർത്തമറിയം സമാജം. അടൂർ സെന്റ്മേരീസ് മന്ദിരം ആസ്ഥാനമാക്കി, സിസ്റ്റർ ജി. തങ്കമ്മ ജനറൽസെക്രട്ടറിയായി, ഇരുപത്തിനാലു ഗ്രൂപ്പ് സെക്രട്ടറിമാരുടെ പ്രവർത്തന ഐക്യത്തിൽ, ഭദ്രാസനത്തിലെ സ്ത്രീകളുടെ ആത്മീയ ദാഹശമനത്തിനായി വർത്തിക്കുകയാണ് മർത്തമറിയം സമാജം.

യേശുതമ്പുരാന്റെ ആത്മീയാരാമത്തിലെ വർണ്ണപുഷ്പങ്ങളായ ബാലികാബാലൻമാർക്ക്, രക്ഷകന്റെ ശബ്ദം കേൾക്കുവാനും, അവന്റെ മഹത്വത്തെ പാടിപുകഴ്ത്തുവാനും വേദിയൊരുക്കിക്കൊണ്ട് ആരംഭിച്ച ബാലസമാജവും, ബാലികാ സമാജവും കൊല്ലം ഭദ്രാസനത്തെ നിഷ്ക്കളങ്കതയുടെ നറുധാവള്യത്തിലെത്തിച്ചിരിക്കുന്നു.

മൂന്നുമേഖലകളായി തിരിച്ച് ഓരോ മേഖലാ സെക്രട്ടറിമാരും, അവർക്കു കീഴിലായി പതിനാലു ഓർഗനൈസിംഗ് സെക്രട്ടറിമാരും ഊർജ്വസ്വലമായി പ്രവർത്തിക്കുന്ന ബാലസമാജത്തിന്റെ ഭദ്രാസന സെക്രട്ടറി ഫാ: ജോസഫ് സാമുവേൽ പറക്കോടാണ്.

പതിനാലു ഗ്രൂപ്പുകളും 25 ഓർഗനൈസിംഗ് സെക്രട്ടറിമാരുമായി ബാലജീവിതങ്ങൾക്ക് ഏണിപ്പടിയായി വർത്തിക്കുന്ന ബാലികാ സമാജത്തിന്റെ ഭദ്രാസന സെക്രട്ടറി ഡോ: ദീനാമ്മ ചെറിയാനാണ്.

ആദിമകാലം മുതലേ സൗഹൃദത്തിന്റെയും സന്തോഷത്തിന്റേയും, അതിലുപരിയായി ദൈവീക സാക്ഷാത്ക്കാരത്തിന്റേയും വേദിയായിരുന്ന കൂട്ടായ്മയുടെ അനുഭവത്തെ നിഴൽ പോലെ പിൻതുടരുന്ന പ്രാർത്ഥനായോഗം, കൊല്ലം ഭദ്രാസനത്തിലെ പുരുഷൻമാരുടെ ഹൃദയങ്ങളിൽ ആത്മീയ തൃഷ്ണയെ ജനിപ്പിച്ചും, അവയെ ആവോളം ദൈവവചനമാകുന്ന മധു പകർന്ന് ശമിപ്പിച്ചും പോരുന്നു. ഫാ. എം. കെ. വറുഗീസ് ഡയറക്ടറായി, മനുഷ്യ ജീവിതങ്ങൾക്ക് ജീവനും തേജസ്സും നൽകി പ്രാർത്ഥനായോഗം പ്രവർത്തിക്കുന്നു.

ലോകരക്ഷകനായ ക്രിസ്തുയേശുവിന്റെ തിരുവചനങ്ങളെ ജനഹൃദയങ്ങളിലെത്തിച്ച്, അവിടെ മാനസാന്തരത്തിന്റേയും നവജീവിത തീരുമാനത്തിന്റെയും രശ്മികൾ പതിപ്പിക്കത്തക്കവിധത്തിൽ സുവിശേഷത്തിന്റെ മാറെറാലിയുമായി സുവിശേഷസംഘം കടന്നുവരുന്നു. യൂണിററുകളായി വിഭജിക്കപ്പെട്ട് അവയുടെ കീഴിൽ ഗ്രൂപ്പുകളായി പ്രവർത്തിക്കുന്ന സുവിശേഷസംഘം ഭദ്രാസന സെക്രട്ടറി ടി. പാപ്പച്ചനാണ്.

## സ്ഥാപനങ്ങൾ

ദുഃഖിതർക്കും പീഡിതർക്കും അദ്ധ്വാനിക്കുന്നവർക്കും ഭാരം ചുമക്കുന്നവർക്കും അത്താണിയായ ക്രിസ്തേശുനാഥന്റെ വിനീതസേവകനായി മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലിത്താ തന്റെ സേവനത്തിനായി നീട്ടപ്പെട്ട കൈകളുമായി ജനത്തിനിടയിലേക്കു ഇറങ്ങിച്ചെന്നു.

അവിടെ അനാഥരുടെ ഏകാന്തതയിൽ ഒരു കൂട്ടാളിയായി, വിദ്യാദാനം നടത്തുന്ന ഗുരുഭൂതനായി, വേദനിക്കുന്ന വടുക്കളിൽ അമൃതം പുരട്ടുന്ന വൈദ്യനായി, തൂകുന്ന കണ്ണുനീർ തുടയ്ക്കുന്ന കരുണാമയനായി. അതാണ് കൊല്ലം ഭദ്രാസനത്തിന്റെകീഴിൽ ആശ്രിതർക്ക് ആലംബമേകിക്കൊണ്ടു് ബോയ്സ് ഹോമുകളും, ആശുപത്രികളും സന്യാസാശ്രമങ്ങളും, കന്യാസ്ത്രീമഠങ്ങളും പ്രവർത്തിക്കുന്നതു്.

ഒരു നേരത്തെ ആഹാരത്തിനു വകയില്ലാതെ വിഷമിക്കുന്ന കുടുംബങ്ങളിലെ കുട്ടികൾക്ക്, അവർ സ്വപ്നം കാണുന്ന ഭക്ഷണവും പാർപ്പിടവും പ്രദാനംചെയ്തുകൊണ്ടു് ശാസ്താംകോട്ട ബോയിസ്ഹോം സേവനത്തിന്റെ വിളഭൂമിയായി വർത്തിക്കുന്നു. അവർക്ക് അറിവിന്റെ അക്ഷയഖനി തുറന്നിട്ടുകൊണ്ടു് അവിടെ ഡോ: സി. ടി. ഈപ്പൻ മെമ്മോറിയൽ ഹൈസ്കൂൾ നിലകൊള്ളുന്നു.

ആതുരശുശ്രൂഷ എന്ന ക്രൈസ്തവധർമ്മത്തിന് മകുടോദാഹരണമാണ് ശാസ്താംകോട്ടയിലെ അലക്സിയോസ് മാർ തേവോദോസ്യോസ് മെഡിക്കൽമിഷൻ ആശുപത്രി.

ഭദ്രാസനത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലല്ലാതെ മാർ കൂറിലോസ് മെത്രാപ്പോലീത്തായുടെ നേരിട്ടുള്ള നിയന്ത്രണത്തിൻകീഴിൽ ആശ്രമങ്ങളും (ചെങ്ങമനാട്, ശാസ്താംകോട്ട) കോൺവെൻറുകളും, കോളേജുകളും (കൊട്ടാരക്കര മാർ ഗ്രീഗോറിയോസ്, അടൂർ സെൻറ് സിറിൾസ്) സ്കൂളുകളും പ്രവർത്തിക്കുന്നു.

കേരള ചരിത്രത്തിൽ ഉജ്ജ്വലമായ പ്രകാശസ്രോതസ്സായി നിലകൊള്ളുന്ന കൊല്ലം പട്ടണത്തിന്റെ അതീവ തിരക്കുകളിൽനിന്നൊഴിഞ്ഞ് പ്രശാന്തത കളിയാടുന്ന ക്രോസ്സ് ജംഗ്ഷനിൽ കൊല്ലം ഭദ്രാസന ആസ്ഥാനം തലയുയർത്തി നില്ക്കുന്നു.

കൊല്ലം ഭദ്രാസന മെത്രാപ്പോലീത്തായും ശ്രേഷ്ഠ നിയുക്ത കാതോലിക്കായുമായ മാത്യൂസ്മാർ കൂറീലോസ് മെത്രാപ്പോലീത്തായും, അദ്ദേഹത്തിന്റെ സഹായിയായി വർത്തിക്കുന്ന മാത്യൂസ്മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്തായും അവിടെ ആ വിശാല ഭദ്രാസനത്തിന്റെ മേൽനോട്ടം വഹിച്ചുകൊണ്ടു് ത്യാഗത്തിന്റെ മൂർത്തിമദ്ഭാവങ്ങളായി വർത്തിക്കുന്നു. അവർക്കു സഹായിയായി ഭദ്രാസന സെക്രട്ടറി ഫാ. മത്തായി വിലനിലം ഒരു ചെറുപ്പക്കാരന്റെ ചുറുചുറുക്കോടെ ഭദ്രാസന ഭരണകാര്യങ്ങളിൽ ശുഷ്കാന്തിയായി പ്രവർത്തിക്കുന്നു.

ഭദ്രാസനാസ്ഥാനത്തിന്റെ മഞ്ഞനിറം പടർന്ന ഇരുനില കെട്ടിടത്തോടുചേർന്ന് പ്രാർത്ഥനയുടെ ഗീതികളുയർത്തിക്കൊണ്ടു് അരമനചാപ്പൽ നിലകൊള്ളുന്നു. അവിടെ ഫാ.കെ.പി. പൗലോസിന്റെ സ്മരണയ്ക്കായ് ഒരു ലൈബ്രറി സജ്ജമാക്കിയിരിക്കുന്നു.

വിദൂര ദേശങ്ങളിൽനിന്നു് വിദ്യയെ ഉൾക്കൊള്ളുവാൻ വരുന്ന സഭാമക്കൾക്ക് സസൈ്വര്യം വസിക്കുവാൻ ഒരു ബോയിസ് ഹോസ്റ്റൽ അരമന കെട്ടിടത്തോടുചേർന്നു പ്രവർത്തിക്കുന്നു.

അവിടെ....

കൊല്ലം ബിഷപ്സ് ഹൗസിൽ...

ജനസേവനത്തിലൂടെയും അവരോടുള്ള സ്നേഹത്തിലൂടെയും ദൈവസേവനസാക്ഷാത്കാരം സാധിക്കുന്ന മലങ്കര സഭയുടെ ഭാവി പരമാദ്ധ്യക്ഷൻ തന്റെ വ്യക്തിപ്രഭാവത്തിലൂടെയും, ഉപവാസ പ്രാർത്ഥനകളിലൂടെയും നേടിയെടുത്ത ആത്മീക ശക്തിയാൽ നാൾക്കുനാൾ തേജസ്സ് പ്രാപിക്കുന്നു; കരുണാർദ്രമായ നിഷ്ക്കളങ്ക പുഞ്ചിരിയോടെ തന്റെ അജഗണങ്ങളെ കടാക്ഷിക്കുന്നു.

# St. Mary's Motors

T. K. Road, Thiruvalla

(PH. 2310)

***The Highest Bullet ShowRoom & Genuine Spares***


## മാത്യൂസ് മാർ എപ്പിഫാനിയോസ് ഒരു ലഘുജീവചരിത്രം

കൊട്ടാരക്കരെയ്ക്കടുത്തു് ചെങ്കുളം കുട്ടറഴികംവീട്ടിൽ കുര്യാക്കോസിന്റെയും ശോശാമ്മയുടേയും പുത്രനായി 1928-ൽ ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ആയൂർ മലയാളം സ്കൂളിൽ നിർവഹിച്ചു. പിന്നീട് ചാത്തന്നൂർ സെൻറ് ജോർജ് ഇ. എം. സ്കൂൾ, എൻ. എസ്. എസ്. ഹൈസ്കൂൾ എന്നിവിടങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി.

തിരുനൽവേലി സെൻറ് ജോൺസ് കോളേജിൽനിന്നു് 1950-ൽ ഇൻറർമീഡിയററും 1952-ൽ തിരുവനന്തപുരം യൂണിവേഴ്സിററി കോളേജിൽ നിന്നു് ബി. എസ്സിയും പാസ്സായി.

ചെറുപ്പം മുതലെ ദൈവവേലയ്ക്കായി സ്വയം സമർപ്പിച്ച അദ്ദേഹം പിന്നീട് വൈദിക പഠനത്തിലേക്ക തിരിഞ്ഞു. 1957-ൽ ഓതറ സെൻറ് ജോർജ് ദയറായിൽ വച്ചു്, മാത്യൂസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നു് ശെമ്മാശുപട്ടം സ്വീകരിച്ചു. പിറേറവർഷം കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽവെച്ചു് പ: ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ പൂർണ്ണ ശെമ്മാശു പട്ടം നൽകി. അതേ വർഷം മാർച്ച് 25-നു് കോട്ടപ്പുറം പള്ളിയിൽവെച്ചു് മാർ കൂറീലോസ് മെത്രാപ്പോലീത്താ കശ്ശീശാപട്ടവും നൽകി. തുടർന്നു് അഞ്ചുവർഷത്തോളം കോട്ടയം ഏലിയാ കത്തീഡ്രലിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

ഈ കാലഘട്ടത്തിലാണു് അദ്ദേഹം മാന്നാനം സെൻറ് ജോസഫ് കോളേജിൽനിന്നു് ബി. എഡ്. പാസ്സായതു് (1961). തുടർന്നു് അടിസ്ഥാന വിദ്യാഭ്യാസം ഇംഗ്ളീഷ് അദ്ധ്യാപനം എന്നിവയിൽ ഡിപ്ലോമകളും നേടി. പിന്നീട് അദ്ദേഹം സഭയുടെ വിവിധ സ്കൂളുകളിൽ അദ്ധ്യാപകനായി സേവനം അനുഷ്ഠിച്ചു.

1978-ൽ പ: കാതോലിക്കാ ബാവായിൽനിന്നു് സന്യാ

(ശേഷം 6-ാംപേജിൽ)


***SPONSORED FOR***

# COCHIN DRUG HOUSE

BANERJEE ROAD

ERNAKULAM

BY DR. JULIUS PUNNEN

22ct. സ്വർണ്ണാഭരണങ്ങൾക്ക്

# തോപ്സ് ജൂവലേഴ്സ്

തിരുവല്ല-പത്തനംതിട്ട

